**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5192** **14-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് മോണിറ്ററിംഗ് സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് ജില്ലാതലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സർക്കാർ വക ഭൂമിയിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10/09/2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം .3778/2018/ റവ പ്രകാരം ജില്ലാതലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ് . ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഈ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. 08/11/2008 ന ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂസംരക്ഷണ ( ഭേദഗതി ) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ |

| | | | |
|---|---|---|---|
| | | | റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ് . ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്നുതിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കേരള ഭൂസംരക്ഷണ നിയമം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഭൂമിയിലെ കയ്യേറ്റം കണ്ടെത്തി ഒഴിപ്പിച്ചെടുത്ത സ്ഥലങ്ങളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒഴിപ്പിച്ചെടുത്ത ഭൂമിയെ സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **ഒഴിപ്പിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ)** |
|---|---|
| തിരുവനന്തപുരം | 1.4214 |
| കൊല്ലം | 0.8646 |
| പത്തനംതിട്ട | 0.8364 |
| ആലപ്പുഴ | 3.4223 |
| കോട്ടയം | 0.10008 |
| ഇടുക്കി | 35.7875 |
| എറണാകുളം | 1.4362 |
| തൃശ്ശൂർ | 14.2107 |
| പാലക്കാട് | 6.12088 |
| മലപ്പുറം | 0.0645 |
| കോഴിക്കോട് | 4.32083 |
| വയനാട് | 0.1853 |
| കണ്ണൂർ | 0.1201 |
| കാസർഗോഡ് | 1.4597 |
| **ആകെ** | **70.35049** |